# ഇസ്‌ലാമിനെക്കുറിച്ചുള്ള എഴുത്ത്

**ജമീൽ** അഹ്മദിന്റെ ഇസ്‌ലാമെഴുത്ത് (ലക്കം 7) വായിച്ചു. മലയാള സാഹിത്യത്തിൽ ഇസ്‌ലാമിന്റെ ഇടം അന്വേഷിക്കാനുള്ള ശ്രമം ശ്ലാഘനീയം തന്നെ. പക്ഷേ, മൂന്നാം ഇസ്‌ലാമെഴുത്തിനെ കൂടുതൽ പ്രശ്നവത്കരിക്കേണ്ടിവരും. ഇസ്‌ലാമിന്റെ ജീവിത, പ്രപഞ്ച വീക്ഷണങ്ങൾ അംഗീകരിക്കാത്തവരെ സമുദായം പരിഗണിക്കാത്തതിൽ രോഷം കൊള്ളുന്ന ലേഖകൻ, അവർ (മൂന്നാം ഇസ്‌ലാമെഴുത്തുകാർ) പോലും ഉദ്ദേശിക്കാത്ത കാര്യങ്ങൾ വകവെച്ചു നൽകുന്നുണ്ടോ?

"വിവേചന ബുദ്ധിയോടു കൂടിയ പ്രതിഭയോടൊപ്പം ഇസ്‌ലാമിക വിജ്ഞാനീയങ്ങളിലുള്ള നല്ല ധാരണയും ഉത്തരവാദിത്വബോധവും ഉണ്ടായിരിക്കണമെന്നാണ് ഇസ്‌ലാമെഴുത്തിന്റെ നിരൂപകനുണ്ടായിരിക്കേണ്ട ഒന്നാമത്തെ യോഗ്യത..." എന്ന് ലേഖകൻ എഴുതുന്നു. എഴുത്തുകാരനില്ലാത്ത ഇസ്‌ലാമിക പ്രതിബദ്ധത ഉണ്ടാക്കിയെടുക്കേണ്ട ഉത്തരവാദിത്വം നിരൂപകന്! ബഷീറിന്റെ 'ഓർമയുടെ അറകളി'ലെ ഇസ്‌ലാമിക ചിന്തകൾ എടുത്ത്, അദ്ദേഹത്തെ ഇസ്‌ലാമെഴുത്തുകാരനായി കണ്ടാലുള്ള പുകിലുകൾ ബഷീർ പുസ്തകങ്ങൾ വായിക്കുന്നവർക്ക് മനസ്സിലാകും. ലേഖകൻ വേർതിരിച്ച ആദ്യത്തെ രണ്ടെണ്ണത്തെ ഇസ്‌ലാമെഴുത്തായി കാണുകയും മൂന്നാമത്തേതിനെ ഇസ്‌ലാമിനെക്കുറിച്ചുള്ള എഴുത്താക്കി മാറ്റുകയും ചെയ്യലാവും ബുദ്ധി.

**ഇൻസാഫ് പതിമംഗലം**
insafmm@gmail.com

**കത്തുകൾ**




# ഖാദിയാനികളുടെ അരാഷ്ട്രീയ ഖിലാഫത്ത്

**'അഹ്മദിയ്യാ** ഖിലാഫത്തിന് 100' എന്ന ശീർഷകത്തിൽ *മാതൃഭൂമി* വാരാന്തപ്പതിപ്പിൽ (മെയ് 25) വന്ന ലേഖനത്തിലെ അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ച് കത്തയച്ചെങ്കിലും പ്രസിദ്ധീകരിക്കാതെ തിരിച്ചയക്കുകയാണ് ചെയ്തത്.

*മാതൃഭൂമി* ലേഖനത്തിലെ ചില വരികൾ കാണുക: "അഹ്മദി മുസ്‌ലിംകളുടെ ജനസംഖ്യ ഇന്ന് ഇരുപത് കോടിയിലധികമാണ്.'' ഇത് പർവതീകരണമാണ്. ഏതു ആധികാരിക സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രസ്താവനയെന്ന് വായനക്കാർക്ക് അറിയാൻ അവകാശമുണ്ട്. ആളുകളെ കബളിപ്പിക്കാനും കെണിയിലകപ്പെടുത്താനുമുള്ള കുതന്ത്രമാണിത്.

ഖാദിയാനികളുടെ ഇപ്പോഴത്തെ പ്രചാരണമനുസരിച്ച് തങ്ങളുടെ വിചിത്ര 'ഖിലാഫത്ത്' 1908-ലാണ് സ്ഥാപിത(?)മായത്. സത്യത്തിൽ 1924 വരെ ഉസ്മാനിയാ ഖിലാഫത്ത് വിപുലമായ അടിത്തറയോടെ നിലനിന്നിരുന്നു. ദീർഘകാലമായി തുടർന്നു വന്ന ഒരു പ്രബല ഖിലാഫത്ത് മുസ്‌ലിം ലോകത്ത് നിലനിൽക്കെ അതിനെ അംഗീകരിക്കാതെ, അതിന് സമാന്തരമായി മറ്റൊന്ന് സ്ഥാപിച്ചത് ഇസ്‌ലാമിനെ തുരങ്കം വെക്കാൻ ബ്രിട്ടീഷ് സാമ്രാജ്യത്വം നടത്തിക്കൊണ്ടിരുന്ന കുതന്ത്രങ്ങളെ സഹായിക്കാനാണെന്ന് ന്യായമായും സംശയിക്കാം. ഈ വിഭാഗത്തിന്റെ 'ഖിലാഫത്ത്' (ഭരണം) എവിടെയാണ് നടക്കുന്നത്? ഖലീഫ എന്ന സാങ്കേതിക പദം ഇസ്‌ലാമിൽ സാമൂഹിക, രാഷ്ട്രീയ, ഭരണ സ്വഭാവത്തിലുള്ളതാണല്ലോ. 14 ദശകങ്ങളായി മുസ്‌ലിം ലോകം ആ അർഥത്തിലാണ് പ്രസ്തുത പദം പരിചയിച്ചിട്ടുള്ളത്. മുസ്‌ലിം ലോകത്തെ സാമൂഹിക, രാഷ്ട്രീയ, ഭരണരംഗങ്ങൾ കൈയാളുന്നവർക്കാണ് 'ഖലീഫ' എന്ന് പറയാറ്. ഖാദിയാനീ ലേഖകന്റെ വരികൾ കാണുക: ".... നൂറ്റാണ്ടുകളായി മുസ്‌ലിംകൾക്ക് മതനേതൃത്വം നൽകി വന്ന ഖിലാഫത്ത് ഒന്നാം ലോകയുദ്ധത്തിന് ശേഷം ഇല്ലാതായതോടെ...."ഒന്നാം ലോകയുദ്ധം കഴിയുവോളം മുസ്‌ലിം ഖിലാഫത്ത് നിലനിന്നിരുന്നുവെന്ന് ലേഖകൻ പരോക്ഷമായി സമ്മതിച്ചിട്ടുണ്ട്. ഖിലാഫത്തിനെ 'മതനേതൃത്വം നൽകലായി' പരിചയപ്പെടുത്തിയതിലെ കുയുക്തി ശ്രദ്ധിക്കുക. ഖിലാഫത്തിനെ ചുരുക്കിക്കൂട്ടി സാമ്രാജ്യത്വദുശ്ശക്തികൾക്ക് മുസ്‌ലിംകളെ വിധേയപ്പെടുത്താനുള്ള സൗകര്യമൊരുക്കലാണിത്. തനി സെക്യുലർ വിഭാവനയിൽ, 'ഖിലാഫത്ത്' എന്ന ബൃഹത്തും മഹത്തുമായ ആശയത്തെ കുരുക്കിയിടാനുള്ള കുതന്ത്രം. ഇസ്‌ലാമിക ലോകത്ത് 13 നൂറ്റാണ്ടോളം നിലനിന്ന ഖിലാഫത്ത് കേവലം മതനേതൃത്വമായിരുന്നില്ല.

''മൗലാനാ മുഹമ്മദലി ഖിലാഫത്തിന്റെ പ്രാതിനിധ്യമുള്ള തുർക്കി ഒന്നാം ലോക യുദ്ധത്തിൽ പരാജയപ്പെടുമെന്നറിഞ്ഞപ്പോൾ ആത്മഹത്യക്കൊരുങ്ങിയ സംഭവം" എന്നും ലേഖകൻ തട്ടിവിടുന്നു. ഖിലാഫത്തിന്റെ പതനത്തിൽ മൗലാനാ മുഹമ്മദലിക്കുള്ള ദുഃഖം അപാരമായിരുന്നു. പക്ഷേ, 'ആത്മഹത്യക്കൊരുങ്ങി' എന്ന് പറഞ്ഞു പരത്തുന്നത് ഫലസ്ത്വീനിലെ ബൈത്തുൽ മഖ്ദിസിൽ അന്ത്യ വിശ്രമം കൊള്ളുന്ന വിശ്വപൗരനെ അപമാനിക്കലാണ്.

**എ.ആർ അഹ്മദ് ഹസൻ മാഹി**

# യുക്തി പണയംവെച്ച യുക്തിവാദികൾ

**ലോക** നാസ്തിക സമ്മേളനത്തിൽ ഡോ. പി.എം ഭാർഗവ നടത്തിയ മുഖ്യപ്രഭാഷണത്തിൽ, തന്നെ നിരീശ്വരവാദിയായിരിക്കാൻ നിർബന്ധിതനാക്കുന്ന പത്ത് കാര്യങ്ങൾക്ക് ചോദ്യോത്തര രീതിയിൽ വിശദീകരണം നൽകുന്ന മുഹമ്മദ് ശമീമിന്റെ ലേഖനം (ലക്കം 2,3), യുക്തിവാദത്തിന്റെ അടിസ്ഥാന പ്രേരണയും നിരർഥകതയും ബോധ്യപ്പെടുത്തുന്നതായി.

ഭൂമിയിൽ മനുഷ്യന് എല്ലാ നിലക്കുമുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു. അനേകം വസ്തുക്കളിൽ കൈകാര്യപ്രാപ്തിയും നൽകി. മറ്റു മനുഷ്യരുമായി ചേർന്ന് പലതരം വ്യവഹാരങ്ങളിലേർപ്പെടാം. നിഷേധം, വിശ്വാസം, അനുസരണം, വിധേയത്വം, അക്രമം, നീതി, നന്മ, തിന്മ, സത്യം, അസത്യം തുടങ്ങിയ ഏതു വഴിയും മുന്നിൽ തുറക്കപ്പെട്ടിരിക്കുന്നു. ഈ വഴികളിലോരോന്നിലേക്കും വിളിക്കുകയും പിടിച്ചുവലിക്കുകയും ചെയ്യുന്ന നിമിത്തങ്ങളുണ്ട്. മനുഷ്യൻ ഏതു വഴി തെരഞ്ഞെടുത്താലും സ്വന്തം ഉത്തരവാദിത്വത്തിലാണത് ചെയ്യുന്നത്. കാരണം തെരഞ്ഞെടുക്കാനുള്ള തീരുമാനം അവനവന്റെ ഉള്ളിൽനിന്നുള്ളതാണ്. ഓരോരുത്തനും സ്വന്തം തെരഞ്ഞെടുപ്പനുസരിച്ച് സ്വന്തം ഉദ്ദേശ്യവും ഇഛയും പ്രാവർത്തികമാക്കാൻ കിട്ടുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നു. അങ്ങനെ ചിലർ നന്മയും ചിലർ തിന്മയും ചെയ്യുന്നു. ചിലർ വിശ്വാസത്തിന്റെ വഴി സ്വീകരിച്ചു. ചിലർ സ്വന്തം മനസ്സിനെ അഹിതകരമായ അഭിലാഷങ്ങളിൽ നിന്നു വിലക്കി. ചിലർ ദേഹേഛകളുടെ അടിമകളായി എന്തും പ്രവർത്തിച്ചുകൊണ്ടിരുന്നു. ചിലർ മർദകരായി, ചിലർ മർദിതരും. ചിലർ അവകാശങ്ങൾ കവരുന്നവരും ചിലർ അവകാശങ്ങൾ നിഷേധിക്കപ്പെട്ട

വരുമായി. ചിലർ അന്ത്യശ്വാസം വരെ നന്മകൾ ചെയ്തുപോന്നു. ചിലർ അന്ത്യനിമിഷത്തിലും ദുഷ്ടതകൾ അനുവർത്തിച്ചു. ചിലർ സത്യത്തിന്റെ വിജയത്തിനു വേണ്ടി സ്വയം സമർപ്പിച്ചു. ചിലർ അസത്യം വിജയിക്കുന്നതിനുവേണ്ടി സത്യവാദികളോട് അക്രമവും അനീതിയും ചെയ്തു.

ഈ വിധമെല്ലാമുള്ള ഒരസ്തിത്വം ഭൂമിയിൽ യാദൃച്ഛികമായി നിലവിൽ വന്നതാണെന്ന് മനക്കണ്ണ് പൊട്ടിപ്പോയിട്ടില്ലാത്ത ആർക്കാണ് പറയാനാവുക. ഇതിന് പിന്നിൽ ഒരു യുക്തിയോ ആസൂത്രണമോ പ്രവർത്തിച്ചിട്ടില്ലെന്ന് കരുതുന്നതിൽ എന്ത് യുക്തിയാണുള്ളത്? ഭൂമിയിൽ മനുഷ്യനാൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന ഈ ഘോഷങ്ങളെല്ലാം നിരർഥവും യാതൊരനന്തരഫലവുമില്ലാതെ അവസാനിച്ചുപോകുന്നതുമാണെന്ന് വിചാരിക്കുന്നതിലെന്തുണ്ട് ന്യായം? ഒരുവന്റെ നന്മ നന്മയുടെയും തിന്മ തിന്മയുടെയും ഫലം സൃഷ്ടിക്കില്ലെന്നോ? മർദനത്തിന് പരിഹാരവും മർദകന് വിചാരണയുമില്ലെന്നോ? ബുദ്ധിപരമായ അന്ധതക്ക് മാത്രമേ ഇത്തരം വാദങ്ങൾ അംഗീകരിക്കാനാവൂ. സാമാന്യബുദ്ധിയുള്ള നിഷ്പക്ഷനായ ഏതൊരാൾക്കും ഇതെല്ലാം വളരെ അഭിജ്ഞനായ ഒരുത്തന്റെ ആസൂത്രണത്തിലാണെന്ന് സമ്മതിക്കാതിരിക്കാൻ യാതൊരു നിർവാഹവുമില്ല. മനുഷ്യൻ അവന്റെ കർമങ്ങളുടെ പേരിൽ വിചാരണ ചെയ്യപ്പെടേണ്ടത് അനിവാര്യമാണെന്നും അയാൾ അംഗീകരിക്കും.

**എ. മുഹമ്മദ് മുസ്‌ലിയാരങ്ങാടി**

## ഉമർ സാഹിബ്

**കണ്ണൂരിലെ** ഉമർ സാഹിബിനെക്കുറിച്ചുള്ള അനുസ്മരണ കുറിപ്പ് (ജൂലൈ 5) വായിച്ചു. അനുബന്ധമായി ചിലത് കുറിക്കുന്നു. കണ്ണൂർ താണയിൽ (മുഴത്തടം) താമസം തുടങ്ങിയതിനു ശേഷം മുനീറുൽ ഇസ്‌ലാം സംഘവുമായി ബന്ധപ്പെട്ടു. അന്ന് ചെറിയ സ്രാമ്പി പോലുള്ള പള്ളിയും ഒരു മദ്‌റസയുമാണുണ്ടായിരുന്നത്. സംഘത്തിന്റെ ഭാരവാഹികളിൽ ചിലർ പരിഷ്കരണ ചിന്തകളുള്ളവരാണെങ്കിലും യാഥാസ്ഥിതിക ചുറ്റുപാടിൽ തന്നെയായിരുന്നു മുമ്പോട്ട് പോയിരുന്നത്. മാറ്റത്തിന്റെ തുടക്കമെന്ന നിലയിൽ സംഘടിത ഫിത്വ്ർ സകാത്തിനു തുടക്കം കുറിക്കുകയും അത് വിജയിക്കുകയും ചെയ്തു. തുടർന്ന് സകാത്തിന്റെ ശേഖരണവും വിതരണവും ആരംഭിച്ചു. ഇന്ന് കേരളത്തിലെ തന്നെ വലിയ സംരംഭങ്ങളിലൊന്നായി നടന്നുവരികയും ചെയ്യുന്നു. ഇതിലൊക്കെ ഉമർ സാഹിബിന്റെ സാന്നിധ്യം എടുത്ത് പറയേണ്ടതാണ്.

കണ്ണൂരിലെ ആദ്യത്തെ ഈദ്ഗാഹിന് തുടക്കം കുറിച്ച് താണയിൽ കെ. മൊയ്തു മൗലവിയെ പങ്കെടുപ്പിച്ചുകൊണ്ട് സംഘം ഈദ്ഗാഹ് സംഘടിപ്പിച്ചു.

ഒരിക്കൽ താണയിലെ ശ്രീനാരായണ ഗുരു സംഗീതാലയത്തിന്റെ വാർഷിക പൊതുയോഗത്തിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗം സംഗീതാലയത്തിലെ ഭാഗവതരിലും ഭാരവാഹികളിലും വലിയ മതിപ്പുളവാക്കി. താണയിലെ ഇസ്‌ലാമിക് സെന്റർ സംഘടിപ്പിച്ച ഈദ് സുഹൃദ് യോഗത്തിൽ ശ്രോതാവായി വന്ന അദ്ദേഹം യോഗത്തിന്റെ അധ്യക്ഷനായിത്തീർന്ന സംഭവവും ഓർക്കുന്നു. ഇന്നത്തെ കണ്ണൂർ ഡി.സി.സി പ്രസിഡന്റ് പി. രാമകൃഷ്ണൻ, മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് വി.കെ അബ്ദുൽ ഖാദർ മൗലവി, എം.ഇ.എസ് ജില്ലാ സെക്രട്ടറി അഡ്വ. പി. മുസ്തഫ, ക്ഷേത്ര സംരക്ഷണ സമിതി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ അദ്ദേഹം നടത്തിയ ആവേശകരവും ചിന്തോദ്ദീപകവുമായ പ്രസംഗം പ്രാസംഗികർക്കും ഹാൾ നിറഞ്ഞുകവിഞ്ഞ യുവാക്കൾക്കും ഒരുപോലെ ആവേശമായി.

ഉമർ സാഹിബുമായി ആദർശപരമായി സഹകരിച്ചിരുന്ന ഏതാനും സുഹൃത്തുക്കൾ മാത്രമുള്ള താണാ പ്രദേശം പുറമെയുള്ളവർക്ക് ജമാഅത്തെ ഇസ്‌ലാമിയുടെ ശക്തികേന്ദ്രം എന്ന തോന്നലുളവാക്കിയിരുന്നു.

**എം.എ.എ മുത്തലിബ്**
**സുഊദി അറേബ്യ**


## സാഫി ഇൻസ്റ്റിറ്റ്യൂട്ടിൽ സ്കോളർഷിപ്പോടെ പഠനം

സോഷ്യൽ അഡ്വാൻസ്മെന്റ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ (സാഫി) നടത്തുന്ന സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ താഴെ പറയുന്ന യു.ജി, പി.ജി കോഴ്സുകളിൽ സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം.

യു.ജി കോഴ്സുകളായ ബി.എസ്.സി ബയോടെക്നോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി എന്നിവയിലേക്കും, പി.ജി കോഴ്സുകളായ എം.എസ്.സി ബയോടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ്, എം.സി.ജെ (മാസ് കമ്യൂണിക്കേഷൻ ആന്റ് ജേർണലിസം), എം.എ ഇസ്‌ലാമിക് സ്റ്റഡീസ് എന്നിവയിലേക്കുമാണ് അഡ്മിഷൻ നൽകുന്നത്. മിടുക്കരായ വിദ്യാർഥികൾക്ക് പൂർണമായോ ഭാഗികമായോ ഫീസിളവ് അനുവദിക്കും. ഇസ്‌ലാമിക് സ്റ്റഡീസിൽ പഠനം പൂർണമായും സൗജന്യമാണ്.

രാമനാട്ടുകരക്കടുത്ത് വാഴയൂരിൽ 200 ഏക്കർ പ്രകൃതിരമണീയമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിശാലമായ കാമ്പസാണ് സാഫിയുടേത്. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹോസ്റ്റൽ-വാഹന സൗകര്യം ലഭ്യമാണ്. അപേക്ഷാ ഫോറം www.siasindia.org യിൽ ലഭിക്കും.